# 62/2026-M

| ചോദ്യ പുസ്തക അക്ഷര കോഡ് | D | ചോദ്യ പുസ്തക ക്രമ നമ്പർ | 106272 |
|---|---|---|---|

| | |
|---|---|
| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 1 മണിക്കൂർ 30 മിനിട്ട് |
| പരമാവധി മാർക്ക് : 100 | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

1568

AnyScanner

1. ഇൻഫൊർമേഷൻ ടെക്നോളജി ആക്ട് പാർലമെന്റിൽ പാസാക്കിയ വർഷമേത്?

(A) 2005 ഒക്ടോബർ 17
(B) 2004 ഒക്ടോബർ 17
(C) 2001 ഒക്ടോബർ 17
(D) 2000 ഒക്ടോബർ 17

2. സന്തോഷ് ട്രോഫി ഏതു കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ക്രിക്കറ്റ്
(B) കബഡി
(C) ഫുട്ബോൾ
(D) ബാസ്കറ്റ് ബോൾ

3. ആലപ്പുഴ ജില്ലയിലെ ഏക റിസർവ് വനം സ്ഥിതിചെയ്യുന്നത് എവിടെ?

(A) വീയപുരം
(B) കുന്നം
(C) ചേപ്പാട്
(D) കറ്റാനം

4. ഐ.എസ്.ആർ.ഒ.യുടെ പുതിയ ചെയർമാൻ ആര്?

(A) എസ്. സോമനാഥ്
(B) ഡോ.വി. നാരായണൻ
(C) ഡോ.കെ. രാധാകൃഷ്ണൻ
(D) എ.എസ്. കിരൺകുമാർ

5. താഴെ കൊടുത്തവയിൽ ധമനിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവനയേത്?

(A) ഹൃദയത്തിൽ നിന്നും രക്തം വഹിക്കുന്നു.
(B) ഉള്ളിൽ വാൾവുകൾ കാണപ്പെടുന്നു.
(C) ഇലാസ്തികതയുള്ളതും കട്ടിയുള്ളതുമായ ഭിത്തി
(D) ഉയർന്ന വേഗത്തിലും മർദത്തിലുമാണ് രക്തം ഒഴുകുന്നത്.

6. ഏതു വിറ്റാമിന്റെ അഭാവമാണ് കുട്ടികളിൽ അസ്ഥികൾ ശുഷ്കമാകുന്ന 'റിക്കറ്റ്സ്' എന്ന രോഗത്തിനു കാരണമാകുന്നത്?

(A) വിറ്റാമിൻ എ
(B) വിറ്റാമിൻ ബി
(C) വിറ്റാമിൻ ഡി
(D) വിറ്റാമിൻ സി

7. താഴെ കൊടുത്തവയിൽ നെല്ലിന്റെ സങ്കരയിനമല്ലാത്തത് ഏത്?

(A) പവിത്ര
(B) ഗിരിജ
(C) ഹ്രസ്വ
(D) ജയ

8. പേപ്പാറ വന്യ ജീവി സങ്കേതം സ്ഥിതി ചെയ്യുന്ന ജില്ല?

(A) തിരുവനന്തപുരം
(B) കൊല്ലം
(C) പാലക്കാട്
(D) എറണാകുളം

9. DDT പോലുള്ള കീടനാശിനികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ പ്രതിപാദിച്ച് 1962-ൽ റേച്ചൽ കാഴ്സൺ എന്ന അമേരിക്കൻ ഗവേഷക പ്രസിദ്ധീകരിച്ച പുസ്തകം

(A) പ്രകൃതിയുടെ അവകാശങ്ങൾ
(B) വൈൽഡർനെസ് ആൻഡ് ദി അമേരിക്കൻ മൈൻഡ്
(C) നിശബ്ദ വസന്തം
(D) ദി വൈൽഡ് ടാബൂ

10. ഇന്ത്യയിൽ തിനകളുടെ പിതാവ് എന്നറിയപ്പെടുന്നത്?

(A) എം.എസ്. സ്വാമിനാഥൻ
(B) ഡൈട്രിച്ച് ബ്രാൻഡിസ്
(C) ഡോ. ഖാദർവാലി
(D) കൈലാഷ് ശംഖല

11. കൊക്കെയ്ൻ ആസക്തി ചികിത്സിക്കുന്നതിനുള്ള വാക്സിൻ പുറത്തിറക്കിയ രാജ്യം

(A) അമേരിക്ക (B) കാനഡ

(C) ഇന്ത്യ (D) ബ്രസീൽ

12. ഒരു ആറ്റത്തിന്റെ ന്യൂക്ലിയസ്സിൽ കാണുന്ന കണങ്ങൾ

(A) പ്രോട്ടോണും ഇലക്ട്രോണും (B) പ്രോട്ടോണും ന്യൂട്രോണും

(C) ഇലക്ട്രോണും ന്യൂട്രോണും (D) ന്യൂട്രോൺ മാത്രം

13. പ്രകാശ വേഗത ഏറ്റവും കൂടുതലുള്ള മാധ്യമം

(A) ഗ്ലാസ്സ് (B) ജലം

(C) ശൂന്യത (D) വജ്രം

14. കൂട്ടത്തിൽ പെടാത്തത്

(A) ദൂരം (B) സ്ഥാനാന്തരം

(C) സമയം (D) മാസ്

15. അലുമിനിയത്തിന്റെ അയിര്

(A) ഹേമറ്റൈറ്റ് (B) കുപ്രൈറ്റ്

(C) കലാമിൻ (D) ബോക്സൈറ്റ്

16. ഉയർന്ന കലോറിക മൂല്യം ഉള്ള ഇന്ധനം

(A) ഹൈഡ്രജൻ (B) എൽ.പി.ജി.

(C) വിറക് (D) കോൾ

17. ഇന്ത്യയുടെ ആദ്യ സൂര്യപഠന ദൗത്യം

(A) ആദിത്യ $K_1$ (B) ആദിത്യ $L_1$

(C) ആദിത്യ $M_1$ (D) ആദിത്യ $N_1$

18. ഏതൊക്കെ ആഗോള ബഹിരാകാശ ഏജൻസികളുടെ സംയുക്ത ദൗത്യമാണ് NISAR

(A) NASA – ISRO (B) ISRO – ESA

(C) NASA – ESA (D) NASRDA – ISRO

19. ഡെങ്കിപ്പനി പരത്തുന്നത് താഴെ പറയുന്നവയിൽ ഏതാണ്?

(A) വായുവിലൂടെ
(B) വെള്ളത്തിലൂടെ
(C) കൊതുക്
(D) ഈച്ച

20. സിക്ക വൈറസ് പരത്തുന്ന കൊതുക് ഏതാണ്?

(A) ഈഡിസ് കൊതുക്
(B) ക്യൂലക്സ് കൊതുക്
(C) അനോഫിലിസ് കൊതുക്
(D) മണൽ ഈച്ച

21. മലേറിയ പരത്തുന്ന കൊതുക് ഏതാണ്?

(A) ഈഡിസ് കൊതുക്
(B) അനോഫിലിസ് കൊതുക്
(C) ക്യൂലക്സ് കൊതുക്
(D) മണൽ ഈച്ച

22. അമിതമായ മാനസിക സമ്മർദം കാരണം ഉണ്ടാകാൻ സാധ്യതയില്ലാത്ത രോഗം ഏതാണ്?

(A) ഉയർന്ന രക്തസമ്മർദം
(B) വിഷാദരോഗം
(C) പ്രമേഹം
(D) ചിക്കൻപോക്സ്

23. കൊഴുപ്പ് അടിഞ്ഞുകൂടുന്നതുമായി ബന്ധപ്പെട്ട ജീവിതശൈലി രോഗം ഏതാണ്?

(A) പക്ഷാഘാതം
(B) ഫാറ്റി ലിവർ
(C) ഹൃദ്രോഗം
(D) മുകളിൽ പറഞ്ഞവയെല്ലാം

24. ഉയർന്ന രക്തസമ്മർദത്തിന് കാരണമാകുന്ന ഒരു പ്രധാന ജീവിതശൈലി കാരണം ഏതാണ്?

(A) പഴങ്ങളും പച്ചക്കറികളും കഴിക്കുന്നത്
(B) പതിവായ വ്യായാമം
(C) അമിതമായ ഉപ്പിന്റെ ഉപയോഗം
(D) മതിയായ ഉറക്കം

25. സർക്കാർ ആശുപത്രികളെ ജനസൗഹൃദമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള കേരള സർക്കാർ പദ്ധതി ഏതാണ്?

(A) താലോലം
(B) ആർദ്രം മിഷൻ
(C) സ്നേഹസാന്ത്വനം
(D) അതിജീവനം

26. അവയവദാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേരള സർക്കാരിന്റെ പദ്ധതി ഏതാണ്?

(A) മൃതസഞ്ജീവനി
(B) സ്നേഹസ്പർശം
(C) കാരുണ്യ
(D) ആശ്രയ

27. ഭിന്നശേഷിയുള്ള കുട്ടികൾക്കായി സർക്കാർ നടപ്പിലാക്കുന്ന സമഗ്ര പുനരധിവാസ പദ്ധതി ഏതാണ്?

(A) അനുയാത്ര
(B) സ്നേഹക്കൂട്
(C) താലോലം
(D) സ്പെക്ട്രം

28. അടിസ്ഥാന ശുചിത്വ ശീലങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

(A) ദിവസവും കുളിക്കുക
(B) ഭക്ഷണം കഴിക്കുന്നതിന് മുൻപ് കൈ കഴുകുക
(C) അമിതമായി ഉപ്പ് കഴിക്കുക
(D) പരിസരം വൃത്തിയായി സൂക്ഷിക്കുക

29. 2025 ഒക്ടോബറിൽ കേരളം പോളിയോ നിർമ്മാർജ്ജനത്തിനായി പൾസ് പോളിയോ പ്രതിരോധ കുത്തിവയ്പ്പ് ഡ്രൈവ് സംഘടിപ്പിച്ചു. ഈ ഡ്രൈവിൽ അഞ്ച് വയസ്സിന് താഴെയുള്ള എത്ര കുട്ടികളെയാണ് ലക്ഷ്യമിട്ടത്?

(A) 15 ലക്ഷം
(B) 18 ലക്ഷം
(C) 21 ലക്ഷം
(D) 25 ലക്ഷം

30. 2025 ഒക്ടോബറിൽ മലപ്പുറത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട Mpox ക്ലേഡ് 1 സ്ട്രെയിനിന്റെ ആദ്യ കേസ് ഇന്ത്യയിൽ എവിടെ നിന്നുള്ള യാത്രക്കാരനാണ്?

(A) സൗദി അറേബ്യ
(B) യു.എ.ഇ.
(C) ഖത്തർ
(D) യു.എസ്.എ.

31. 2025 ഒക്ടോബറിൽ, കേരളത്തിൽ അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ഒന്നര മാസത്തിനിടെ 14 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. താഴെ പറയുന്നവയിൽ ഏത് അമീബയാണ് ഈ രോഗത്തിന് കാരണമാകുന്നത്?

(A) അമീബ പ്രോട്ടിയസ്
(B) എന്റമീബ ഹിസ്റ്റോലിറ്റിക്ക
(C) നേഗ്ലേറിയ ഫൗലേറി
(D) അകാന്തമീബ

32. 2025 ഒക്ടോബറിൽ, കുട്ടികളുടെ ചുമ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ കേരള സർക്കാർ നിയോഗിച്ചു. ഈ സമിതിയുടെ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്നവയിൽ ഏത് മരുന്നാണ് സംസ്ഥാനത്ത് നിരോധിച്ചത്?

(A) കോൾഡ്രിഫ് സിറപ്പ്
(B) റെസ്പിഫ്രെഷ് ടിആർ മരുന്ന്
(C) ഡോക്സിസൈക്ലിൻ
(D) പാരസെറ്റമോൾ

33. 1 – 2 + 3 – 4 + 5 – 6 + ..... + 99 – 100 എത്ര?

(A) 0
(B) –50
(C) 50
(D) 25

34. 2, 6, 12, 20, 30, _______. വിട്ടുപോയ സംഖ്യ എത്ര?

(A) 40
(B) 32
(C) 36
(D) 42

35. 8, 12, 15 എന്നീ സംഖ്യകൾ കൊണ്ട് ഭാഗിച്ചാൽ ശിഷ്ടം 5 വരുന്ന ഏറ്റവും ചെറിയ സംഖ്യ ഏത്?

(A) 115
(B) 120
(C) 125
(D) 130

36. 91 മീറ്ററും 117 മീറ്ററും നീളമുള്ള രണ്ട് കയറുകൾ തുല്യ നീളമുള്ള കഷ്ണങ്ങളായി മുറിക്കുകയാണെങ്കിൽ ഓരോ കഷ്ണത്തിന്റെയും പരമാവധി നീളം എത്ര?

(A) 15m
(B) 13m
(C) 17m
(D) 11m

37. $\frac{3}{5}, \frac{5}{8}, \frac{2}{3}$ എന്നിവയെ ആരോഹണ ക്രമത്തിലെഴുതുക.

(A) $\frac{3}{5}, \frac{5}{8}, \frac{2}{3}$
(B) $\frac{2}{3}, \frac{5}{8}, \frac{3}{5}$
(C) $\frac{2}{3}, \frac{3}{5}, \frac{5}{8}$
(D) $\frac{5}{8}, \frac{3}{5}, \frac{2}{3}$

38. ഒരു സമ ചതുരത്തിന്റെ ചുറ്റളവ് 36 cm ആയാൽ അതിന്റെ പരപ്പളവ് എത്ര?

(A) 81 $cm^2$
(B) 9 $cm^2$
(C) 18 $cm^2$
(D) 36 $cm^2$

39. ഒരു ക്ലാസ്സിൽ 20 കുട്ടികളുടെ ശരാശരി വയസ്സ് 12 ആണ്. ഒരു പുതിയ കുട്ടി വന്നപ്പോൾ ശരാശരി 13 ആയി. എന്നാൽ പുതിയ കുട്ടിയുടെ വയസ്സ് എത്ര?

(A) 13
(B) 23
(C) 43
(D) 33

40. ഒരു വസ്തു 480 രൂപയ്ക്ക് വിറ്റപ്പോൾ 20% നഷ്ടമായി, എത്രരൂപയ്ക്ക് വിറ്റാൽ 20% ലാഭം കിട്ടും?

(A) 720
(B) 620
(C) 520
(D) 500

41. 4.32 + .8 + 12.001 – 5.6 എത്ര?

(A) 10.501
(B) 11.521
(C) 11.501
(D) 10.521

42. 120 m നീളമുള്ള ട്രെയിൻ, 160 m നീളമുള്ള ഒരു പ്ലാറ്റ്ഫോം പൂർണ്ണമായി കടക്കാൻ, സെക്കന്റിൽ 20 m വേഗത്തിൽ സഞ്ചരിച്ചാൽ, എത്ര സമയം വേണം?

(A) 6 സെക്കന്റ്
(B) 8 സെക്കന്റ്
(C) 7 സെക്കന്റ്
(D) 14 സെക്കന്റ്

43. ഒറ്റയാനെ കണ്ടെത്തുക

(A) 2417
(B) 4529
(C) 5117
(D) 3429

44. 65 വിദ്യാർത്ഥികൾ ഉള്ള ഒരു ക്ലാസിൽ രമേശിന്റെ സ്ഥാനം 21 ആണെങ്കിൽ താഴെ നിന്ന് എണ്ണുമ്പോൾ രമേശിന്റെ സ്ഥാനം എത്ര ആയിരിക്കും?

(A) 45 (B) 44

(C) 46 (D) ഇവയൊന്നുമല്ല

45. കാപ്രേക്കർ സ്ഥിരസംഖ്യ എന്നറിയപ്പെടുന്നത് ഏത്?

(A) 6714 (B) 6174

(C) 7164 (D) 7614

46. 8 വർഷം മുൻപ് അച്ഛന്റെ പ്രായം മകന്റെ പ്രായത്തിന്റെ 4 മടങ്ങായിരുന്നു. 8 വർഷത്തിന് ശേഷം അച്ഛന്റെ പ്രായം മകന്റെ പ്രായത്തിന്റെ 2 മടങ്ങായിരിക്കും. എങ്കിൽ അച്ഛന്റെ ഇപ്പോഴത്തെ പ്രായം എത്ര?

(A) 16 (B) 32

(C) 40 (D) 24

47. കൂട്ടത്തിൽ പെടാത്തത് ഏത്?

(A) ആരം (B) ചാപം

(C) ഞാൺ (D) വൃത്തം

48. വില കണ്ടെത്തുക

$16 + 8 \div 4 - 2 (3 - 1)$

(A) 14 (B) 12

(C) 8 (D) 6

49. ശരിയായ ക്രമം കണ്ടെത്തുക

1. വസ്ത്രം

2. പരുത്തി

3. നെയ്ത്ത്

4. നൂൽ

(A) 2143 (B) 2341

(C) 2431 (D) 2413

50. പക്ഷി : ആകാശം : : മത്സ്യം :

(A) കര
(B) കൂട്
(C) വായു
(D) വെള്ളം

51. ശ്രേണി പൂരിപ്പിക്കുക.

140, 68, 32,14, _____

(A) 7
(B) 5
(C) 12
(D) 17

52. ഒരു ക്ലോക്കിലെ മൂന്ന് സംഖ്യകൾ യോജിപ്പിച്ച് എത്ര സമഭുജ ത്രികോണങ്ങൾ വരയ്ക്കാം?

(A) 4
(B) 2
(C) 3
(D) 1

53. താഴെ കാണിച്ച സംഭവങ്ങളെ കാലഗണന അനുസരിച്ചു ക്രമീകരിക്കുക.

(a) ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിൽ റൗലറ്റ് നിയമങ്ങൾ പാസാക്കി.

(b) ഗദ്ദർ പാർട്ടി അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിൽ സ്ഥാപിച്ചു.

(c) ആനി ബസന്റിന്റേയും ബാല ഗംഗാധര തിലകിന്റേയും നേതൃത്വത്തിൽ ഹോംറൂൾ പ്രസ്ഥാനം ആരംഭിച്ചു.

(d) സി.ആർ. ദാസും മോത്തിലാൽ നെഹ്റുവും ചേർന്ന് സ്വരാജ് പാർട്ടി രൂപീകരിച്ചു.

(A) b, c, d, a
(B) d, a, b, c
(C) c, b, d, a
(D) b, c, a, d

54. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ ജോഡി കണ്ടെത്തുക.

(a) ഗദ്ദർ പാർട്ടി - ലാലാ ഹർദയാൽ

(b) ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക് - ജയപ്രകാശ് നാരായൺ

(c) യുഗാന്തർ പാർട്ടി - അജിത് സിങ്ങ്

(d) ആസാദ് ഹിന്ദ്ഫൗജ് - സുഭാഷ് ചന്ദ്രബോസ്

(A) a and b
(B) b and c
(C) a and d
(D) c and d

55. ശരിയായ രണ്ടു പ്രസ്താവനകൾ അടങ്ങുന്ന ഓപ്ഷൻ കണ്ടെത്തുക.

(a) നാഷണൽ ഹെറാൾഡ് ജവഹർലാൽ നെഹ്റുവിന്റെ പത്രമാണ്.

(b) നവജീവൻ ഗോപാലകൃഷ്ണ ഗോഖലെയുടെ പത്രമാണ്.

(c) ആനി ബസന്റിന്റെ പ്രസിദ്ധമായ പത്രമാണ് ന്യൂ ഇന്ത്യ.

(d) സംബാദ് കൗമുദി ബങ്കിംചന്ദ്ര ചാറ്റർജിയുടെ പത്രമാണ്.

(A) a and b (B) a and c

(C) b and c (D) b and d

56. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്നും തെറ്റായ പ്രസ്താവനകൾ കണ്ടെത്തുക

(a) മക്കയിൽ ജനിച്ച സ്വാതന്ത്ര്യസമര സേനാനിയാണ് മൗലാനാ അബ്ദുൽകലാം ആസാദ്.

(b) അൽ അമൽ മൗലാനാ അബ്ദുൽ കലാം ആസാദിന്റെ പത്രമാണ്.

(c) മരണാനന്തര ബഹുമതിയായി 1990ൽ രാജ്യം ഭാരതരത്ന നൽകി അദ്ദേഹത്തെ ആദരിച്ചു.

(d) ഇൻഡ്യ വിൻസ് ഫ്രീഡം അദ്ദേഹത്തിന്റെ കൃതിയാണ്.

(A) a and b (B) b and c

(C) c and d (D) d and a

57. താഴെ കാണിച്ച സംഭവങ്ങളെ കാലഗണന അനുസരിച്ചു ക്രമീകരിക്കുക.

(a) ഓൾ ഇന്ത്യ കിസാൻ സഭയുടെ രൂപീകരണം.

(b) സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം ഏറ്റെടുത്തു.

(c) റോയൽ ഇന്ത്യൻ നേവിയിലെ നാവികർ ബ്രിട്ടീഷ് ഭരണത്തിനെതിരെ നാവിക കലാപം നടത്തി.

(d) ഗാന്ധിജി ബ്രിട്ടീഷുകാർക്കെതിരെ സിവിൽ നിയമലംഘന പ്രസ്ഥാനം ആരംഭിച്ചു.

(A) a, b, c, d (B) b, c, d, a

(C) c, d, a, b (D) d, a, b, c

58. 2025-ലെ ലോക്സഭാ ഡെപ്യൂട്ടി സ്പീക്കർ ആരാണ്?

(a) സുരജ് ഭാൻ

(b) ശിവരാജ് പാട്ടീൽ

(c) എസ്. മല്ലികാർജുനയ്യ

(d) ഇവരൊന്നുമല്ല

(A) a (B) b

(C) c (D) d

59. സ്വതന്ത്ര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികളാണ് ______

(a) ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തൽ

(b) നാട്ടുരാജ്യങ്ങളുടെ സംയോജനം

(c) ആരോഗ്യ-വിദ്യാഭ്യാസ മേഖലയുടെ നവീകരണം

(d) സ്വതന്ത്ര വിദേശ നയങ്ങളുടെ രൂപീകരണം

(A) a, b, c (B) b, c, d

(C) c, d, a (D) d, a, b

60. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയിൽ നിന്നും കണ്ടെത്തുക.

(a) ആധുനികവൽക്കരണം - തൊഴിലവസരങ്ങളുടെ വർധനവ്

(b) ഗ്രാമീണ വികസനവും വികേന്ദ്രീകൃതാസൂത്രണവും

(c) മാനവശേഷി വികസനം

(d) മൂലധന നിക്ഷേപം വർധിപ്പിക്കുക

(A) a (B) b

(C) c (D) d

61. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായ പ്രസ്താവന കണ്ടെത്തുക.

(a) ദുർഗാപൂർ ഇരുമ്പ്-ഉരുക്ക് വ്യവസായം പശ്ചിമബംഗാളിലാണ് സ്ഥിതി ചെയ്യുന്നത്.

(b) ബൊക്കാറോ ഇരുമ്പ്-ഉരുക്ക് വ്യവസായം ഉത്തരാഖണ്ഡിലാണ് സ്ഥിതി ചെയ്യുന്നത്.

(c) ബ്രിട്ടന്റെ സഹായത്തോടെയാണ് ഭിലായ് ഇരുമ്പ്-ഉരുക്ക് വ്യവസായം സ്ഥാപിച്ചത്.

(d) റൂർക്കേല ഇരുമ്പ്-ഉരുക്ക് വ്യവസായം ജർമ്മനിയുടെ സഹായത്തോടെ ഒഡീഷയിൽ സ്ഥാപിച്ചു.

(A) a and b (B) b and c

(C) c and d (D) d and a

തന്നിരിക്കുന്നതിൽ നിന്നും തെറ്റായ പ്രസ്താവന കണ്ടെത്തുക.

(a) ദേശീയ ബഹിരാകാശ ദിനം ആഗസ്റ്റ് 20 ആണ്.

(b) ഇന്ത്യയുടെ ആദ്യ കൃത്രിമ ഉപഗ്രഹമായ ആര്യഭട്ട വിക്ഷേപിച്ചത് 1970 ഏപ്രിൽ 19 നാണ്.

(c) മംഗൾയാൻ വിക്ഷേപിച്ചത് 2012ൽ ആണ്.

(d) ആദിത്യ-L1 വിക്ഷേപണ ദൗത്യം സൂര്യഗവേഷണത്തിനും ബഹിരാകാശ കാലാവസ്ഥാ പഠനങ്ങൾക്കും വേണ്ടിയായിരുന്നു.

(A) a (B) a and b

(C) a, b, c (D) a, b, c, d

. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന കണ്ടെത്തുക.

(a) സിംല കരാർ ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(b) കാർഗിൽ വിജയ ദിനം ജൂലൈ 16 ആണ്.

(c) താഷ്കന്റ് കരാറിൽ ഒപ്പുവെച്ച ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയാണ്.

(d) ബംഗ്ലാദേശ് സ്വതന്ത്രരാഷ്ട്രമായത് 1970ൽ ആണ്.

(A) a and b (B) b and c

(C) a and c (D) a and d

4. 2025-ൽ ഇന്ത്യയുടെ അറ്റോർണി ജനറൽ ______.

(a) ആർ. വെങ്കട്ടരമണി

(b) അശോക് ദേശായി

(c) മുകുൾ റോഹത്ഗി

(d) കെ.കെ. വേണുഗോപാൽ

(A) a (B) b

(C) c (D) d

65. 2025-ൽ ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റത് ______

(a) ജ്ഞാനേഷ് കുമാർ

(b) രാജീവ് കുമാർ

(c) സുനിൽ അറോറ

(d) സുശിൽ ചന്ദ്ര

(A) a (B) b

(C) c (D) d



SCAN AnyScanner

66. ഇന്ത്യൻ ഭരണഘടന സമത്വാവകാശം ഉറപ്പുവരുത്തുന്നതിന് 18-ാം വകുപ്പ് പ്രകാരം നിർത്തലാക്കിയത് എന്ത്?

(A) സതി (B) അയിത്തം

(C) ബഹുമതികൾ (D) അടിമത്വം

67. ഭരണഘടനാ നിർമ്മാണ സഭയുടെ പ്രഥമ സമ്മേളനത്തിൽ ലക്ഷ്യപ്രമേയം അവതരിപ്പിച്ചത് ആരാണ്?

(A) സർദാർ പട്ടേൽ

(B) ജവഹർലാൽ നെഹ്റു

(C) ഡോ. രാജേന്ദ്ര പ്രസാദ്

(D) ബി.ആർ. അംബേദ്കർ

68. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങൾ എന്ന വ്യവസ്ഥ ഏത് ഭരണ ഘടനയിൽ നിന്ന് കടം കൊണ്ടതാണ്?

(A) ബ്രിട്ടീഷ് ഭരണഘടന

(B) ഫ്രഞ്ച് ഭരണഘടന

(C) ഐറിഷ് ഭരണഘടന

(D) യു.എസ്. ഭരണഘടന

69. ഇന്ത്യൻ ഭരണഘടനയിലെ ഏത് വകുപ്പിലാണ് മൗലിക കടമകൾ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത്?

(A) 32 (B) 300 A

(C) 19 (D) 51-A

70. അധികാരവിഭജനം നടത്തിയിട്ടുള്ള യൂണിയൻ, സംസ്ഥാന, കൺകറന്റ് ലിസ്റ്റുകൾ ഭരണഘടനയുടെ ഏത് പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

(A) നാലാം പട്ടിക (B) അഞ്ചാം പട്ടിക

(C) ആറാം പട്ടിക (D) ഏഴാം പട്ടിക

71. കേരള നിയമസഭയുടെ സ്പീക്കർ ആരാണ്?

(A) ഷാനിമോൾ ഉസ്മാൻ

(B) തിരുവഞ്ചൂർ രാധാകൃഷ്ണൻ

(C) എ.സി. മൊയ്തീൻ

(D) പി.സി. വിഷ്ണുനാഥ്

72. ചുവടെ തന്നിരിക്കുന്ന പ്രസ്താവനയിൽ ശരിയായവ ഏതൊക്കെ?

(i) ഏഷ്യാ ഭൂഖണ്ഡത്തിന്റെ തെക്ക് - മധ്യ ഭാഗത്താണ് ഇന്ത്യ സ്ഥിതി ചെയ്യുന്നത്.

(ii) ഇന്ത്യയുടെ വടക്കേ അറ്റത്തെ സംസ്ഥാനമാണ് ഹിമാചൽപ്രദേശ്.

(iii) ഇന്ത്യയുടെ കിഴക്കേ അറ്റത്തെ സംസ്ഥാനമാണ് ഗുജറാത്ത്.

(A) i, ii, iii ഉം ശരി
(B) ii, iii ഉം മാത്രം ശരി
(C) i, iii ഉം മാത്രം ശരി
(D) i, ii ഉം മാത്രം ശരി

73. ചുവടെ തന്നിരിക്കുന്ന നദികളിൽ അറബിക്കടലിൽ പതിക്കുന്നവ ഏതാണ്?

(A) സിന്ധു
(B) ഗംഗ
(C) ബ്രഹ്മപുത്ര
(D) മഹാനദി

74. ഇന്ത്യയുടെ മാനക-രേഖാംശം ഏതാണ്?

(A) 8°4'N
(B) 82°30'E
(C) 68°7'E
(D) 6°45'N

75. 1911-ൽ ഇന്ത്യയുടെ വ്യോമഗതാഗതം ആരംഭിച്ചത് എവിടെയായിരുന്നു?

(A) അലഹബാദ് മുതൽ നൈനി വരെ
(B) മുബൈ മുതൽ താനെ വരെ
(C) കൊല്ലം മുതൽ കോട്ടപ്പുറം വരെ
(D) മുംബൈ മുതൽ ഡൽഹി വരെ

76. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വ്യാപിച്ചുകിടക്കുന്ന മണ്ണിനം ഏത്?

(A) കറുത്ത മണ്ണ്
(B) ചെങ്കൽ മണ്ണ്
(C) ചെമ്മണ്ണ്
(D) എക്കൽ മണ്ണ്

77. ഇപ്പോഴത്തെ കേരള മുഖ്യമന്ത്രി ശ്രീ.വി.ഡി. സതീശൻ മത്സരിച്ച നിയമസഭാമണ്ഡലം ഏതാണ്?

(A) ധർമ്മടം
(B) പറവൂർ
(C) പാലക്കാട്
(D) പേരാവൂർ

78. കേരളത്തിന്റെ ഇപ്പോഴത്തെ ആരോഗ്യ & കുടുംബക്ഷേമവകുപ്പ് മന്ത്രി ആര്?

(A) ശ്രീ.വി. മുരളീധരൻ,
(B) ശ്രീമതി വീണാജോർജ്ജ്
(C) ശ്രീമതി ശൈലജ ടീച്ചർ
(D) ശ്രീ.കെ.മുരളീധരൻ



SCAN AnyScanner

79. മുഖ്യമന്ത്രി ശ്രീ.വി.ഡി. സതീശൻ തെരഞ്ഞെടുപ്പിൽ പ്രതിനിധീകരിച്ച മണ്ഡലം താഴെപ്പറയുന്നവയിൽ ഏതാണ്?

(A) കുന്നത്തുനാട്
(B) പറവൂർ
(C) പിറവം
(D) അങ്കമാലി

80. താഴെപ്പറയുന്നവയിൽ ഇടുക്കി ജില്ലയിൽ ഉൾപ്പെടാത്ത വെള്ളച്ചാട്ടങ്ങൾ ഏതെല്ലാം?

(I) മീൻവല്ലം, തുഷാരഗിരി, സിതാർകുണ്ട്
(II) ചിയപ്പാറ, തൊമ്മൻകുഞ്ഞ്, തൂവാനം
(III) വളഞ്ചാനം, ന്യായംകോട്, അഞ്ചുരുളി
(IV) വാളറ, ലക്കം, ചിന്നക്കനാൽ.

(A) I & II എന്നിവ
(B) I മാത്രം
(C) IV മാത്രം
(D) III & IV എന്നിവ

81. താഴെപ്പറയുന്നവയിൽ 100 കി.മീ.യിൽ കൂടുതൽ നീളമുള്ള നദികൾ ഏതെല്ലാം?

(I) ഭാരതപ്പുഴ
(II) കടലുണ്ടി
(III) വളപട്ടണം
(IV) ചാലിയാർ

(A) I & II ശരിയാണ്
(B) I & IV ശരിയാണ്
(C) I മാത്രം ശരിയാണ്
(D) എല്ലാം ശരിയാണ്

82. കേന്ദ്രപ്രതിരോധ വകുപ്പ് മന്ത്രി സ്ഥാനം നിർവ്വഹിച്ചിട്ടുള്ള മലയാളികൾ ആരെല്ലാം?

(I) A.K. ആന്റണി
(II) സുരേഷ് ഗോപി
(III) O. രാജഗോപാൽ
(IV) V.K. കൃഷ്ണമേനോൻ

(A) I & IV എന്നിവർ
(B) I മാത്രം
(C) IV മാത്രം
(D) I & III എന്നിവർ



SCAN AnyScanner

83. നാടുകാണിച്ചുരം ഏതെല്ലാം പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു?

(A) ഇടുക്കി - മധുര
(B) നിലമ്പൂർ - ഗൂഡല്ലൂർ
(C) തൊടുപുഴ - തേനി
(D) മാനന്തവാടി - മൈസൂർ

84. കീലേരി കുഞ്ഞിക്കണ്ണൻ ഏതുമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മൃദംഗം
(B) വയലിൻ
(C) സർക്കസ്
(D) പുല്ലാങ്കുഴൽ

85. താഴെപ്പറയുന്നവയിൽ നിന്നും ദേശീയോദ്യാനങ്ങളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

(I) മതികെട്ടാൻ ചോലയെ 2003-ൽ ദേശീയോദ്യാനമായി പ്രഖ്യാപിച്ചു
(II) ബ്ലാക് ബുൾ ബുൾ പക്ഷിയെ സൈലന്റ് വാലിയിൽ കാണാം.
(III) ട്രിഫേണിനെ ആനമുടിച്ചോലയിൽ കാണാം.
(IV) സൈലന്റ് വാലിയുടെ സംരക്ഷണം ഏറ്റെടുത്ത സംഘടനയാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

(A) I & II പ്രസ്താവനകൾ മാത്രം ശരിയാണ്.
(B) I, II, III & IV പ്രസ്താവനകൾ ശരിയാണ്.
(C) II & IV പ്രസ്താവനകൾ മാത്രം ശരിയാണ്.
(D) I, II, III & IV പ്രസ്താവനകൾ തെറ്റാണ്.

86. അറ്റോമിക് എനർജി റഗുലേറ്ററിബോർഡിന്റെ ചെയർമാനായി പുതുതായി നിയമിക്കപ്പെട്ട മലയാളി ആരാണ്?

(A) എ. ഗോപാലകൃഷ്ണൻ
(B) കെ. രാധാകൃഷ്ണൻ
(C) എ.കെ. ബാലസുബ്രഹ്മണ്യൻ
(D) ഇവരാരുമല്ല

87. പൂർണ്ണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ആദ്യ വിമാനത്താവളം ഏതാണ്?

(A) തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട്
(B) കൊച്ചി ഇന്റർനാഷണൽ എയർപോർട്ട്
(C) കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട്
(D) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്



SCAN AnyScanner

88. കുടുംബ ശ്രീ പദ്ധതി ഔദ്യോഗികമായി ആരംഭിച്ചത് എന്നാണ്?

(A) 1998 മെയ് 17
(B) 1999 മെയ് 18
(C) 1998 ജൂലൈ 17
(D) 1998 ഡിസംബർ 18

89. കടൽത്തീരത്തിന്റെ നീളം ഏറ്റവും കുറവുള്ള കേരളത്തിലെ ജില്ല ഏതാണ്?

(A) തിരുവനന്തപുരം
(B) എറണാകുളം
(C) കണ്ണൂർ
(D) കൊല്ലം

90. അടുത്തിടെ ഡോ. സൈറസ് പൂനവാല 167.2 കോടി രൂപയ്ക്ക് സ്വന്തമാക്കിയ വിഖ്യാതമായ പെയിന്റിംഗ് ഏതാണ്?

(A) മുല്ലപ്പൂചൂടിയ നായർ വനിത
(B) ഹംസവും ദമയന്തിയും
(C) യശോദയും കൃഷ്ണനും
(D) ഗ്രാമയാത്ര

91. 'വില്ലുവണ്ടി സമര'ത്തിന് നേതൃത്വം നൽകിയ സാമൂഹ്യപരിഷ്കർത്താവ് ആര്?

(A) വൈകുണ്ഠ സ്വാമികൾ
(B) അയ്യൻകാളി
(C) ശ്രീനാരായണ ഗുരു
(D) ചട്ടമ്പി സ്വാമികൾ

92. 'ശ്രീരംഗപട്ടണം സന്ധി' ഒപ്പു വച്ച വർഷം ഏത്?

(A) 1782 മാർച്ച് 18
(B) 1796 മാർച്ച് 18
(C) 1792 മാർച്ച് 18
(D) 1784 മാർച്ച് 18

93. തെക്കേ ഇന്ത്യയിൽ ആദ്യത്തെ 'കണ്ണാടി പ്രതിഷ്ഠ' നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് ആര്?

(A) ശ്രീ നാരായണ ഗുരു
(B) വൈകുണ്ഠ സ്വാമികൾ
(C) ചട്ടമ്പി സ്വാമികൾ
(D) വാഗ്ഭടാനന്ദൻ



AnyScanner

94. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?

1. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് കെ. കേളപ്പൻ വൈക്കത്തു നിന്നും തിരുവനന്തപുരത്തേക്ക് 'സവർണജാഥ' നടത്തി
2. ക്ഷേത്ര പ്രവേശന വിളംബരത്തെ 'ആധുനിക കാലത്തെ മഹാത്ഭുതമെന്ന്' ഗാന്ധിജി വിശേഷിപ്പിച്ചു.
3. 1947-48 കാലഘട്ടത്തിലാണ് പാലിയം സത്യാഗ്രഹം നടന്നത്
4. ചരിത്ര പ്രസിദ്ധമായ 'കുണ്ടറ വിളംബരം' പുറപ്പെടുവിച്ചത് മാർത്താണ്ഡവർമ്മയാണ്.

(A) 2, 3 പ്രസ്താവനകൾ ശരിയാണ്

(B) 3, 4 പ്രസ്താവനകൾ ശരിയാണ്

(C) 1, 2 പ്രസ്താവനകൾ ശരിയാണ്

(D) ഇവയെല്ലാം ശരിയാണ്

95. സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരൻ ആര്?

(A) റ്റി.എൻ. ശ്രീനിവാസൻ

(B) അശോക്മിത്ര

(C) അമർത്യാസെൻ

(D) അഭിജിത്ത്സെൻ

96. ചേരും പടി ചേർക്കുക.

| | |
|---|---|
| 1. പ്രത്യക്ഷ രക്ഷാദൈവ സഭ | a. കെ.പി. കറുപ്പൻ |
| 2. ആത്മ വിദ്യാസംഘം | b. വി.ടി. ഭട്ടതിരിപ്പാട് |
| 3. അരയ സമാജം | c. പൊയ്കയിൽ യോഹന്നാൻ |
| 4. യോഗക്ഷേമസഭ | d. വാഗ്ഭടാനന്ദൻ |

(A) 1 – b, 2 – a, 3 – c, 4 – d

(B) 1 – c, 2 – d, 3 – a, 4 – b

(C) 1 – d, 2 – b, 3 – a, 4 – c

(D) 1 – c, 2 – a, 3 – d, 4 – b

97. 2025-ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്?

(A) സേതു

(B) പി. വത്സല

(C) എൻ.എസ്. മാധവൻ

(D) കെ.ജി. ശങ്കരപിള്ള

98. കേരളത്തിലെ ഇപ്പോഴത്തെ റവന്യൂ വകുപ്പ് മന്ത്രി ആര്?

(A) മോൻസ് ജോസഫ്

(B) എ.പി. അനിൽകുമാർ

(C) കെ. മുരളീധരൻ

(D) അനൂപ് ജേക്കബ്



AnyScanner

99. മഹാത്മാഗാന്ധി സർവ്വകലാശാല ഈ അടുത്ത കാലത്ത് ഡി.ലിറ്റ് ബിരുദം നൽകി ആദരിച്ച സിനിമ താരം ആര്?

(A) ജയസൂര്യ (B) ജയറാം

(C) മമ്മൂട്ടി (D) മോഹൻലാൽ

100. ലഹരിക്കെതിരെ പോരാടാനായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ നൂതന പരിപാടി ഏത്?

(A) ഉണർവ്വ് (B) ഓപ്പറേഷൻ തൂഫാൻ

(C) യോദ്ധാവ് (D) ഓപ്പറേഷൻ ഡി-ഹണ്ട്



SCAN AnyScanner